# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 16**

---

## ടൈംസ് യംഗ് യൂണിവേഴ്സിറ്റി റാങ്കിംഗ്; രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തി എം.ജി സർവകലാശാല

ടൈംസ് ഹയർ എജ്യുക്കേഷന്റെ യംഗ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ മഹാത്മാ ഗാന്ധി സർവകലാശാല രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തി. ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗിൽ മൂന്നാം സ്ഥാനത്തേക്ക് മുന്നേറിയതിനു പിന്നാലെയാണ് ഈ നേട്ടം. പ്രവർത്തനമാരംഭിച്ച് അൻപതു വർഷം വരെയായ സർവകലാശാലകളെയാണ് റാങ്കിംഗിനായി പരിഗണിച്ചത്. ആഗോള തലത്തിൽ 673 സർവകലാശാലകളുടെ പട്ടികയിൽ 81-ാം സ്ഥാനത്താണ് മഹാത്മാ ഗാന്ധി സർവകലാശാല.

അധ്യാപന, ഗവേഷണ മേഖലകളിലെ മികവ് ഉൾപ്പെടെ 13 സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് നിർണയിച്ചത്. തമിഴ്നാട്ടിലെ അണ്ണാ സർവകലാശാല, ഭാരതീയർ സർവകലാശാല, പട്നയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവയാണ് രാജ്യത്ത് രണ്ടു മുതൽ നാലുവരെ സ്ഥാനങ്ങളിൽ. യഥാക്രമം 96, 113, 117 എന്നിങ്ങനെയാണ് ഈ സർവകലാശാലകളുടെ ആഗോള റാങ്കിംഗ്.

സിങ്കപ്പൂരിലെ നാൻയാംഗ് സർവകലാശാലയാണ് ആഗോള റാങ്ക് പട്ടികയിൽ ഒന്നാം സ്ഥാനത്ത്. ഫ്രാൻസിലെ പി.എസ്.എൽ റിസർച്ച് യൂണിവേഴ്സിറ്റി രണ്ടാം റാങ്കും ഹോംങ്കോംഗ് യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി മൂന്നാം റാങ്കും നേടി.

വിപുലമായ അടിസ്ഥാന സൗകര്യ വികസനവും സർവകലാശാലാ സമൂഹത്തിന്റെ അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനങ്ങളുമാണ് വിവിധ റാങ്കിംഗുകളിൽ മികച്ച നേട്ടം കൈവരിക്കാൻ സഹായകമാകുന്നതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.

(പി.ആർ.ഒ/39/368/2024)

## നവമാധ്യമ പരിശീലന ക്യാമ്പിന് തുടക്കമായി

നവ മാധ്യമ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിനും, സാധ്യതകൾ പരിചയപ്പെടുത്തുന്നതിനുമായി മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറി സംഘടിപ്പിക്കുന്ന ദ്വിദിന സമ്മർ ക്യാമ്പ് -സമ്മർ ഡിജി ടോക്കിന് തുടക്കമായി. സർവകലാശാല പരീക്ഷ കൺട്രോളർ ഡോ.സി.എം. ശ്രീജിത്ത് ഉദ്ഘാടനം ചെയ്തു.

ഷാജൻ സി. കുമാർ മുഖ്യ പ്രഭാഷണം നടത്തി. യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ലത അരവിന്ദ്, അസിസ്റ്റൻറ് ലൈബ്രേറിയൻ ഷൈനി ഗോപിനാഥ് എന്നിവർ സംസാരിച്ചു.

സർവകലാശാല ക്യാമ്പസിൽ നടക്കുന്ന ദ്വിദിന ക്യാമ്പിന് നവ മാധ്യമ മേഖലയിലെ പ്രമുഖരാണ് നേതൃത്വം നൽകുന്നത്. ഡിജിറ്റൽ കണ്ടൻറ് തയ്യാറാക്കൽ, മൊബൈൽ ജേണലിസം, മൾട്ടിമീഡിയ പ്രൊഡക്ഷൻ, കണ്ടൻറ് ക്രിയേഷനും എ.ഐ ടൂളുകളും, പ്രൊജക്ട് പ്രസൻറേഷൻ ആൻറ് റിവ്യൂ, ഫാക്ട് ചെക്കിംഗ്, ഡിജിറ്റൽ ഫോട്ടോഗ്രാഫി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിശദീകരിക്കും.ഇതോടൊപ്പം പ്രായോഗിക പരിശീലനവും പ്രോജക്ടുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നവമാധ്യമ പരിശീലന ക്യാമ്പ് പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/369/2024)

## എം.എസ്.ഡബ്ല്യു; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് നടത്തുന്ന എം.എസ്.ഡബ്ല്യു പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. കമ്യൂണിറ്റി ഡവലപ്മെൻ്റ്, സൈക്യാട്രിക് സോഷ്യൽ വർക്ക് എന്നിവയിലാണ് സ്പെഷ്യലൈസേഷൻ. ശാരിരിക വെല്ലുവിളി നേരിടുന്നവർക്കും സംവരണാനുകൂല്യം ഉള്ളവർക്കും നിയമപ്രകാരമുള്ള ഇളവുണ്ട്.

അപേക്ഷാ ഫോറം https://iucds.mgu.ac.in/ എന്ന ലിങ്കിൽനിന്ന് ഡൗൺലോഡ് ചെയ്യാം. മെയ് 29 വരെ അപേക്ഷ സമർപ്പിക്കാം. ഫോൺ-94952 13248, 94834 29290, 8891391580

(പി.ആർ.ഒ/39/370/2024)

## വൈവ വോസി

മൂന്ന്, നാല് സെമസ്റ്ററുകൾ എംഎ ഇംഗ്ലീഷ്(2016-2018 അഡ്മിഷൻ സപ്ലിമെന്ററി, 2014-2015 അഡ്മിഷൻ മെഴ്സി ചാൻസ് പ്രൈവറ്റ് ഡിസംബർ 2023) പരീക്ഷയുടെ വൈവ വോസി  മെയ് 22ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/371/2024)

## പരീക്ഷാ ഫലം

അഫിലിയേറ്റഡ് കോളജുകളിൽ നടത്തുന്ന ഇന്റഗ്രേറ്റഡ് എംഎ, എംഎസ്സി പ്രോഗ്രാമുകളുടെ 20203 സെപ്റ്റംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ(2020 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 31 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/372/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**